"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ്-കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 10 അങ്കണവാടികൾക്ക് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) മുഖേന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാ ശിശു വികസന(ബി) വകുപ്പ്

സ.ഉ.(സാധാ) നം.29/2025/WCDD തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:- 1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 13/11/2024 തീയതിയിലെ DWCD/6334/2024-ICDSA8 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2024-25 ലേയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം II ലെ വാല്യം II ൽ പ്രതിപാദിക്കുന്ന ഭരണാനുമതിയില്ലാത്ത മരാമത്തുപണികളിൽ ക്രമനം.439ൽ കൊട്ടാരക്കര മണ്ഡലത്തിലെ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിയ്ക്കായി 200 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിക്കുകയും ആയതിന്റെ 20% തുകയായ 40,00,000/- രൂപ വകയിരുത്തുകയും ചെയ്തിരുന്നു. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ 10 അങ്കണവാടികൾക്ക് ഒരു അങ്കണവാടിയ്ക്ക് 25,00,000/- രൂപ നിരക്കിൽ ആകെ 2,50,00,000/-രൂപ (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) മുഖേന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്, തയ്യാറാക്കിയ എസ്റ്റിമേറ്റും, പ്ലാനും സഹിതം പരാമർശം (1) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.അങ്കണവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഐസിഡിഎസ് | തദ്ദേശ സ്വയംഭരണ സ്ഥാപനം | സെന്റർ നം. | അങ്കണവാടിയുടെ പേര് | ഏരിയ | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|---|
| 1 | വെട്ടിക്കവല | ഉമ്മന്നൂർ | 3 | മേൽകുളങ്ങര | 3 സെന്റ് | 25,00,000/- |
| 2 | വെട്ടിക്കവല | ഉമ്മന്നൂർ | 14 | വിലങ്ങറ | 4 ആർ | 25,00,000/- |
| 3 | വെട്ടിക്കവല | ഉമ്മന്നൂർ | 20 | തിരുവട്ടൂർ | 3 സെന്റ് | 25,00,000/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൊട്ടാരക്കര | കൊട്ടാരക്കര മുനിസിപ്പാലിറ്റി | 9 | വേലംകോണം | 1 ആർ 65 ച. മീറ്റർ | 25,00,000/- |
| 5 | കൊട്ടാരക്കര | നെടുവത്തൂർ | 47 | പുല്ലാമല | 1 ആർ 62 ച. മീറ്റർ | 25,00,000/- |
| 6 | കൊട്ടാരക്കര | നെടുവത്തൂർ | 55 | പിണറ്റിൻമൂട് | 2 ആർ 2 ച.മീറ്റർ | 25,00,000/- |
| 7 | കൊട്ടാരക്കര | കരീപ്ര | 85 | ത്രിപ്പലഴികം | 1 ആർ 99ച.മീറ്റർ | 25,00,000/- |
| 8 | കൊട്ടാരക്കര | കരീപ്ര | 111 | ചൂരപൊയ്ക | 1 ആർ 43 ച. മീറ്റർ | 25,00,000/- |
| 9 | കൊട്ടാരക്കര | വെളിയം | 141 | കോണത്ത്മുക്ക് | 1 ആർ 21 ച. മീറ്റർ | 25,00,000/- |
| 10 | കൊട്ടാരക്കര | വെളിയം | 126 | ഉതിയൂർ | 2 ആർ | 25,00,000/- |
| | | | ആകെ | | | 2,50,00,000/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 10 അങ്കണവാടികൾക്ക് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) മുഖേന തയ്യാറാക്കിയ 2.5 കോടി രൂപയുടെ പ്ലാനിനും എസ്റ്റിമേറ്റിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (WCD-B1/307/2024-FIN, E:2998287)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 23-01-2025 17:05:45

സെക്ഷൻ ഓഫീസർ